എസി.എച്ച്/2026 02.07.2026

# കേരള സർവകലാശാല

## ഒന്നാം വർഷ ബി.എഡ് പ്രവേശനം– 2026

## ഒന്നാം ഘട്ട അലോട്ട്മെന്റ്

## നിർദ്ദേശങ്ങൾ

### കോളേജ് പ്രവേശനം ജൂലൈ 3,4 തീയതികളിൽ

- കേരള സർവകലാശാലയുടെ 2026 – 27 അധ്യയന വർഷത്തിലെ ഒന്നാം വർഷ ബി.എഡ് പ്രവേശനത്തിനുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് (https:// admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചു.

- അപേക്ഷകർക്ക് അപേക്ഷാ നമ്പറും പാസ്സ് വേഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗ് ഇൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്.

- അലോട്ട്മെന്റ് ലഭിച്ചവർ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് "Click here for Payment" എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് നിശ്ചിത സർവകലാശാല അഡ്മിഷൻ ഫീസ് ഓൺലൈനായി അടയ്ക്കേണ്ടതാണ്.

- അലോട്ട്മെന്റ് ലഭിച്ച് ഓൺലൈനായി സർവകലാശാല അഡ്മിഷൻ ഫീസ് അടച്ച അപേക്ഷകർക്ക് അവരുടെ പ്രൊഫൈലിൽ നിന്നും അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്ത് അലോട്ട്മെന്റ് ലഭിച്ച കോളേജ് ,കോഴ്സ് , കാറ്റഗറി , അഡ്മിഷൻ തീയതി തുടങ്ങിയ വിവരങ്ങൾ പരിശോധിക്കാവുന്നതാണ്.

- അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതികളിൽ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിയിലോ സമയത്തിനുള്ളിലോ കോളേജിൽ ഹാജരാകാൻ സാധിക്കാത്തവർ അതാത് കോളേജിലെ പ്രിൻസിപ്പലുമായി ബന്ധപ്പെടേണ്ടതാണ്.
- താൽക്കാലിക അഡ്മിഷൻ ( Temporary Admission ) : ഒന്നാം അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് കോളേജ് അഡ്മിഷൻ സമയത്ത് Temporary/Permanent അഡ്മിഷൻ തെരഞ്ഞെടുക്കാവുന്നതാണ്. താൽക്കാലിക അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചു രസീത് , ഒർജിനൽ സർട്ടിഫിക്കറ്റുകൾ എന്നിവ സമർപ്പിച്ച് താൽക്കാലിക അഡ്മിഷൻ എടുക്കാവുന്നതാണ് . ഈ ഘട്ടത്തിൽ മറ്റു ഫീസുകൾ ഒന്നും കോളേജിൽ അടയ്ക്കേണ്ടതില്ല. എന്നാൽ എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസ്സൽ (ടി .സി ഉൾപ്പടെ ) കോളേജിൽ സമർപ്പിക്കേണ്ടതാണ് .
- നിലവിൽ ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരായ വിദ്യാർത്ഥികൾക്ക് കോളേജിൽ ഹാജരായി അഡ്മിഷൻ ഫീസ് അടച്ച് രസീത്, ആപ്ലിക്കേഷൻ പ്രിൻറ്ഔട്ട്, ഒർജിനൽ സർട്ടിഫിക്കറ്റുകൾ എന്നിവ കോളേജിൽ സമർപ്പിച്ച് സ്ഥിര (Permanent) അഡ്മിഷൻ എടുക്കാവുന്നതാണ്.
- സർവകലാശാല അഡ്മിഷൻ ഫീസ് അടയ്ക്കാത്തവരുടെയും, ഫീസടച്ച ശേഷം കോളേജിൽ ഹാജരായി പെർമനൻറ്/ടെമ്പററി അഡ്മിഷൻ എടുക്കാത്ത അപേക്ഷകരുടെയും അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ തുടർന്ന് വരുന്ന രണ്ടാം അലോട്ട്മെന്റിൽ പരിഗണിക്കുന്നതുമല്ല. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ, അവർക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിൽ പോലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടുന്നതിലേക്കായി സർവകലാശാല അഡ്മിഷൻ ഫീസ് അടച്ച് കോളേജിൽ ഹാജരായി പെർമനൻറ്/ ടെമ്പററി അഡ്മിഷൻ എടുക്കേണ്ടതാണ്.

- ഈ ഘട്ടത്തിൽ Temporary / Permanent അഡ്മിഷൻ എടുക്കാത്ത വിദ്യാർത്ഥികളെ തുടർന്ന് വരുന്ന രണ്ടാം അലോട്ട്മെന്റിലേക്ക് ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

- ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരായ വിദ്യാർത്ഥികൾ കോളേജിൽ ഹാജരായി അഡ്മിഷൻ ഉറപ്പാക്കിയ ശേഷം (പെർമനന്റ് അഡ്മിഷൻ എടുത്തവർ ഉൾപ്പെടെ) ഹയർ ഓപ്ഷനുകൾ (അലോട്ട്മെന്റ് കിട്ടിയ ഓപ്ഷന് മുകളിലുള്ളവ) ജൂലൈ 7 ന് മുൻപായി നീക്കം ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത അലോട്ട്മെന്റിൽ പ്രസ്തുത ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കുകയും അപ്രകാരം ലഭിക്കുന്ന സീറ്റിൽ നിർബന്ധമായും അഡ്മിഷൻ എടുക്കേണ്ടതുമാണ്.

രജിസ്ട്രാർ